ശ്രീ. പി. സീതിഹാജി : മുമ്പ് കാളവണ്ടിയിലും കുതിരവണ്ടിയിലുമൊക്കെ സവാരി ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്പെയിനും മോട്ടോർ കാറുമെല്ലാമായി. അതിനുപകരം പഴയ യുഗത്തിലേക്ക് പോകുകയും ഇന്നു നിലവിലുള്ള എല്ലാ റൈസ് മില്ലുകളും പൂട്ടുകയും വീടുകളിലെ ഉലക്കയും ഉരലുമെല്ലാം ഉപയോഗിച്ച് നെല്ല് എല്ലാം അരിയാക്കുന്ന ഏർപ്പാടുകൊണ്ട് കുറെ ആളുകൾക്ക് ജോലി കിട്ടുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെ അതേപ്പറ്റി ചിന്തിക്കുമോ ?

(ഉത്തരം പറഞ്ഞില്ല)

സർക്കാർ ഉടമയിലുള്ള സീഡ് ഫാമുകൾ

* 315. [341] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, നാലകത്തു സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഉടമയിൽ എത്ര സീഡ് ഫാമുകൾ ഉണ്ട് ;

(ബി) അവ എവിടെയെല്ലാം ;

(സി) ഈ ഫാമുകളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു ;

(ഡി) ഇവിടെ സ്ഥിരം തൊഴിലാളികൾ എത്ര ;

(ഇ) താൽക്കാലിക തൊഴിലാളികൾ എത്ര ;

(എഫ്) താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ;

(ജി) ഈ ഫാക്ടറിയിലെ തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

കൃഷി വകുപ്പുമന്ത്രി ശ്രീ. എൻ. സുന്ദരൻ നാടാർ :—സർ,

(എ) 34 എണ്ണം

(ബി) ഉള്ളൂർ, ചിറയിൻകീഴ്, കൊട്ടാരക്കര, കടയ്ക്കൽ, കരുനാഗപ്പള്ളി, പന്തളം, പുല്ലൂട്, വീയപുരം, അറുനൂറ്റിമംഗലം, മോഴ, വാലാച്ചിറ, കരിമണ്ണൂർ, ഒക്കൽ, ആലുവ, മണ്ണുത്തി, കോടശ്ശേരി, നടവരമ്പ്, എടത്തുരുത്തി, പാണഞ്ചേരി, പഴവന്നൂർ, കുന്നന്നൂർ, മുതലമട, കോങ്ങാട്, അനങ്ങനാടി, ആലത്തൂർ, തവന്നൂർ, ആനക്കയം, ചോക്കാട്, പുതുപ്പാടി, പേരാമ്പ്ര, വേങ്ങാട്, കൺകോം, പുല്ലൂർ, കാസർകോട് എന്നിവിടങ്ങളിലാണ് സീഡുഫാമുകൾ സ്ഥിതിചെയ്യുന്നത്.

(സി) 1499 പേർ

(ഡി) 449 പേർ

(ഇ) 1050 പേർ

(എഫ്) അർഹതയുള്ള താൽക്കാലിക തൊഴിലാളികളെ ഇപ്പോൾതന്നെ നിയമപ്രകാരം സ്ഥിരപ്പെടുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) സീഡ്ഫാമുകളിലെ തൊഴിലാളികൾക്കും ഇപ്പോഴത്തെ മെഡിക്കൽ ആനുകൂല്യം നൽകുന്നുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :—സർ, ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ള 34 സീഡ്ഫാമുകളും ഉണ്ടെന്നാണ് ഇവിടെ പറഞ്ഞു. ഇവിടെയെല്ലാം വ്യത്യസ്തമായ സേവന-വേതന വ്യവസ്ഥകളാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് സർക്കാർ ഉടമയിലുള്ള സീഡ്ഫാമുകളിൽ ഏകീകൃത സേവന-വേതന വ്യവസ്ഥകളും കൊണ്ടുവരാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ :—സർ, ഗവൺമെൻറ് അതേക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :—സർ, സീഡ്ഫാമുകളിൽ ഇപ്പോൾ അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ആക്ടും പ്ലാന്റേഷൻ ലേബർ ആക്ടും രണ്ടും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ഫലമായിട്ട് വന്നിട്ടുള്ള കൺഫ്യൂഷൻ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഏതെങ്കിലും ഒരു നിയമം ബാധകമാക്കി അവരെ അതിൽപെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ :—സർ, അതിന് 1981-ൽ ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ട് ; 1985-ൽ അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.പി.എ. മജീദ് : സർ, ഗവൺമെൻറ് ഉടമയിലുള്ള സീഡ് ഫാമുകളിൽ തൊഴിലാളികളെ എടുക്കുന്നതിന് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽനിന്നുപോലും വിളിക്കാതെ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ നേരിട്ട് എടുത്ത് താല്ക്കാലിക ജീവനക്കാരാക്കിവച്ച് പിന്നീട് സ്ഥിരപ്പെടുത്തുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയാൻവേണ്ട നടപടികൾ സ്വീകരിക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമുഖാന്തിരമാണ് എടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എം.പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, നമ്മുടെ സംസ്ഥാനത്തുള്ള 34 സീഡ് ഫാമുകളിൽനിന്ന് കർഷകർക്കാവശ്യമായ എത്ര ശതമാനം വിത്തുൽപാദനം ഇവിടെ നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതുകൊണ്ട് കർഷകർക്ക് മതിയാവുമോയെന്നും വ്യക്തമാക്കാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, ആവശ്യമുള്ള നെൽവിത്ത് ഇപ്പോൾ ഉല്പാദിപ്പിച്ചു കഴിഞ്ഞില്ലെങ്കിലും നെൽവിത്ത് ഉല്പാദിപ്പിച്ച് ഒന്നര രൂപ റേറ്റ് വച്ചുള്ള സബ്സിഡി നിരക്കിലാണ് കൃഷിക്കാർക്ക് കൊടുക്കുന്നത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : സർ, വിത്തുല്പാദന കേന്ദ്രങ്ങളിൽനിന്നും വിത്ത് ഉല്പാദിപ്പിക്കാതെ ഉദ്യോഗസ്ഥൻമാർ രാഷ്ട്രീയമായ ചർച്ചകളും അതുപോലുള്ള കാര്യങ്ങളും പറഞ്ഞുകൊണ്ട് അവിടെ ചെലവഴിക്കുകയാണെന്നും നമ്മുടെ സംസ്ഥാനത്ത് ആവശ്യമായ പുതിയ തരം വിത്തുകൾ ഉല്പാദിപ്പിക്കുന്നതല്ലെന്നും മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അങ്ങനെ ഒരു പരാതി എനിക്ക് ഇതുവരെ കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, അടുത്തകാലത്തായി സീഡ് ഫാമുകളിൽ നിന്ന് എത്ര തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ട്, എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്, പിരിച്ചുവിട്ട തൊഴിലാളികൾക്ക് എന്ത് ആനുകൂല്യമാണ് കൊടുത്തിട്ടുള്ളത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അത് ഒരു പ്രത്യേക ചോദ്യമായിട്ടു കിട്ടിയാലേ പറയാൻ പറ്റുകയുള്ളു.

ഏലക്കായുടെ വില്പന നികുതി

* 316. [342] ശ്രീ. കെ. കെ. തോമസ് :
,, കെ.സി. ജോസഫ് :
,, ജോസ് കുറ്റിയാനി :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലക്കായുടെ വില്പന നികുതി കൃഷിക്കാരിൽ നിന്നും ഈടാക്കുന്നത് നിർത്തിവച്ച നടപടി ഗവൺമെന്റിന്റെ വരുമാനത്തെ ബാധിക്കുമോ ;

(ബി) ഇതിന് കച്ചവടക്കാരിൽ നിന്നും വില്പന നികുതി ഈടാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തമിഴ്നാട്ടിലേയും കേരളത്തിലേയും ഏലക്കായുടെ വില്പന നികുതിയിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം തമിഴ്നാട്ടിലേക്ക് ഏലം അനധികൃതമായി കടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിലെ നികുതി തമിഴ്നാട്ടിലേതിനോടൊപ്പം ഏകീകരിച്ച് ഏലക്ക അനധികൃതമായി കടത്തുന്നത് അവസാനിപ്പിക്കുന്നതിനും അതുമൂലം കൂടുതൽ നികുതി ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) ഇല്ല.

(ബി) ലേലം പിടിക്കുന്നവരിൽനിന്നും വില്പനനികുതി ഈടാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും വില്പനനികുതി ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഏലം അനധികൃതമായി കടത്തുന്നുണ്ട്. അത് തടയുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലെ നികുതി തമിഴ്നാട്ടിലേതിനോടൊപ്പം ഏകീകരിക്കുന്ന കാര്യം പരിഗണനയിലില്ല. നികുതിനിരക്കുകൾ ഏകീകരിക്കുന്നതു കൊണ്ട് മാത്രം കള്ളക്കടത്ത് തടയുന്നതിനും സാധിക്കുകയില്ല. അനധികൃതമായ കടത്ത് അവസാനിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.കെ. തോമസ് : ഏലക്കൃഷിക്കാരിൽനിന്നും നികുതി ഈടാക്കിയത് മടക്കിക്കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; എന്നുമുതൽ മുൻകാല പ്രാബല്യം ഇതിന് നൽകുന്നുണ്ട് ; നികുതി അടച്ച കൃഷിക്കാർക്ക് ഈ തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : റവന്യൂബോർഡ് ഉത്തരവു പുറപ്പെടുവിച്ചത് 7-10-1986-ലാണ്. 7-10-1986 മുതലാണ് ഇത് എഫക്ടിൽ വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly